# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.549 — 06.02.2013-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

### ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കൽ

| | | |
|---|---|---|
| എ) | ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ; | ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ നൂറ്റി എഴുപത്തിയഞ്ചോളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുന്ന തിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി , കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനു വേണ്ടിയുള്ള കാരുണ്യ സഹായ നിധി തുടങ്ങിയവ നടപ്പിലാക്കിയ സുപ്രധാന പദ്ധതികളാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണ്. |
| (ബി) | ഏതെല്ലാം വകുപ്പുകൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ; | എല്ലാ വകുപ്പുകളും ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| (സി) | ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ നടപ്പു വർഷം ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ; | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുളള മുൻഗണനാ പദ്ധതികൾ ചുരുങ്ങിയ കാലയളവിൽ പൂർത്തിയാക്കാൻ സാധിക്കുന്നവയല്ല. മുൻഗണനാ പദ്ധതികളിൽ മിക്കവയും തുടർ പദ്ധതികളായതിനാൽ നടപ്പുവർഷവും അവയ്ക്ക് ചെലവ് വന്നിട്ടുണ്ട്. |
| (ഡി) | ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും നടപ്പിലാക്കാൻ സാധിക്കാത്തവ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കുമോ? | ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗം നടപ്പിലാക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ, സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ സാങ്കേതിക നടപടികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ പല പദ്ധതികളും ആരംഭിക്കുവാൻ സാധിക്കുകയുളളൂ. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ മിക്കവയും ചുരുങ്ങിയ കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നവയുമല്ല. ഭരണാനുമതി പുറപ്പെടവിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31.01.2013 വരെ ഭരണാനുമതി നല്കിയിട്ടില്ലാത്തവയോ, പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാത്തവയോ ആയ 2011-12, 2012-13 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – വ്യവസായ വകുപ്പ് |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുളള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുളളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – **ആഭ്യന്തര വകുപ്പ്** |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാഡമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – **കായിക യുവജന ക്ഷേമ വകുപ്പ്** |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ, ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരണം – **സാമൂഹ്യ നീതി വകുപ്പ്** |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ളക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – **നികുതി വകുപ്പ്** |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – **വിനോദ സഞ്ചാര വകുപ്പ്** |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – **പ്രവാസി കാര്യ വകുപ്പ്** |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുളള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ളാസ് മുറി – **വിദ്യാഭ്യാസ വകുപ്പ്** |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – **ഗ്രാമ വികസന വകുപ്പ്** |
| സാങ്കേതിക സർവ്വകലാശാല – **ഉന്നത വിദ്യാഭ്യാസ വകുപ്പ്** |
| വന്യമൃഗം മൂലമുളള കൃഷിനാശം ലഘൂകരിക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കേണ്ട സൗരോർജ്ജ വേലി/ ട്രെഞ്ച് നിർമ്മാണത്തിനുളള പദ്ധതി.- **വനം വകുപ്പ്** |
| പൈനാപ്പിൾ മിഷൻ , കുട്ടനാട് കാർഷിക ഗവേഷണ കേന്ദ്രം, കാർഷിക സൂപ്പർ മാർക്കറ്റ് – **കൃഷി വകുപ്പ്** |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം – **ഗതാഗത വകുപ്പ്** |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം, ഗ്രീൻ ബിൽഡിംഗ് പോളിസി – **പൊതുമരാമത്ത് വകുപ്പ്** |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ, വല നിർമ്മാണ ഫാക്ടറി, കോൾഡ് ചെയിൻ– **മത്സ്യബന്ധനവും തുറമുഖവും വകുപ്പ്** |
| മാതൃക കയർഗ്രാമം പദ്ധതി , – **കയർ വകുപ്പ്** |
| അഡ്വക്കേറ്റ്സ് ഗ്രാൻറ് – **നീതിന്യായ വകുപ്പ്** |
| വിവിധ ജില്ലകളിൽ പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും, ആറളത്ത് ഹോമിയോ ആശുപത്രി – **ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്** |
| കൈത്തറി ഗ്രാമം – **കൈത്തറി വകുപ്പ്** |
| ജനശ്രീ ബീമാ യോജന – **തൊഴിൽ വകുപ്പ്** |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**